വേഗത നിയന്ത്രിക്കാൻ വാഹനങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന നടപടി

104 (2817) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ വാഹനങ്ങളിൽ പ്രത്യേക ഉപകരണങ്ങൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന ഹൈക്കോടതി ഉത്തരവ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്പീഡ് ഗവണർ സ്ഥാപിക്കുന്നതുൾപ്പെടെ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(സി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിലെ അപകടങ്ങളുടെ നിരക്കും, മരണപ്പെട്ടവർ, പരിക്കേറ്റവർ എന്നിങ്ങനെയുള്ള വിവരങ്ങളും ലഭ്യമാക്കാമോ ;

(ഡി) അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ കഴിയുന്നത്ര വേഗത്തിൽ പരിശോധിച്ച് വിട്ടുകൊടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ സംവിധാനത്തിന്റെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ ;

(എഫ്) സംസ്ഥാനത്തെ ആക്ട് ഫോഴ്സിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടം 118 അനുസരിച്ച് ചിലയിനം ട്രാൻസ്പോർട്ട് വാഹനങ്ങളിൽ വേഗത നിയന്ത്രണ യന്ത്രങ്ങൾ ഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത യന്ത്രങ്ങൾ ഐ.എസ്.ഐ നിലവാരം ഉള്ളതും കൃത്രിമം കാണിക്കാൻ കഴിയാത്തതുമായിരിക്കണം. കേന്ദ്ര ഗവൺമെന്റ് ജി.ഒ. 427/(ഇ) പ്രകാരം 27-6-1991- ൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 1-7-1993 മുതൽ വേഗത നിയന്ത്രിക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കേണ്ടിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിഞ്ജാപനത്തിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119 അനുസരിച്ച് ഏതെല്ലാം വാഹനങ്ങൾക്കാണ് വേഗത നിയന്ത്രണ യന്ത്രങ്ങൾ ഘടിപ്പിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഈ നിയമം കേരളത്തിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രസർക്കാർ വേഗത നിയന്ത്രണം സംബ്ധിച്ച് പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുപുറമെ കേരളത്തിൽ ജി.ഒ. (പി) 38/96 പ്രകാരം വിവിധയിനം വാഹനങ്ങളുടെ വേഗത വീണ്ടും പുനർനിർണ്ണയം ചെയ്തുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര മോട്ടോർ വാഹന നിയമം 112 (2) അനുസരിച്ചാണിത് പുറപ്പെടുവിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമെ ട്രാൻസ്പോർട്ട് കമ്മീഷ്ണറുടെ 3/97/എ ഉത്തരവിലൂടെ എല്ലാ സ്വകാര്യ ബസ്സുകളുടെയും റണ്ണിംഗ് ടൈം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) താഴെ കൊടുക്കുന്നു.

വർഷം	അപകടങ്ങൾ	മരണപ്പെട്ടവർ	പരിക്കേറ്റവർ
1995	37123	2707	53475
1996	34702	2307	51160
1997	34056	2699	49710
1998	32837	2524	46100
1999	33977	2574	47168

(ഡി) ഉണ്ട്.

(ഇ) അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിനും അനന്തരനടപടികൾ സ്വീകരിക്കുന്നതിനും പോലീസ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതിനു പുറമെ അത്യാവശ്യ സന്ദർഭങ്ങളിൽ ഇത്തരം വാഹനങ്ങൾ പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കും അധികാരം നൽകിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

മോട്ടോർ വാഹന വകുപ്പിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം

105 (2818) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ എത്ര വാഹനങ്ങൾ ഉണ്ട് ;

(ബി) ഇനം തിരിച്ചുള്ള കണക്കുകൾ അറിയിക്കുമോ ;

(സി) ഇവ ആരൊക്കെയാണ് ഉപയോഗിക്കുന്നത് ;

(ഡി) ഈ വാഹനങ്ങൾക്ക് ആകെ എത്ര ഡ്രൈവർമാർ ഉണ്ട് ;

(ഇ) ഡ്രൈവർമാർ ഇല്ലാത്തതുകൊണ്ട് ഓടാതെ കിടക്കുന്ന എത്ര വാഹനങ്ങൾ ഉണ്ട് ;

(എഫ്) വളരെക്കാലമായി റിപ്പയറിംഗിന് കയറ്റിയിട്ടുള്ള വാഹനങ്ങൾ എത്ര ;

(ജി) എന്തുകൊണ്ടാണ് ഇവ റിപ്പയർ നടത്തി ഉപയോഗയോഗ്യമാക്കാത്തത് ;

(എച്ച്) ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly